IDSFFK 11th INTERNATIONAL DOCUMENTARY & SHORT FILM FESTIVAL OF KERALA
20-24 JULY 2018 ▸ THIRUVANANTHAPURAM

MEDIA CELL PRESS RELEASE MEDIA CELL

23.07.2018

## ആനന്ദ് പട്‌വർദ്ധന്റെ മ്യൂസിക് വീഡിയോ പ്രദർശനം ഇന്ന് (24.7.18)

രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്രമേളയുട അവസാന ദിനമായ ഇന്ന് ആനന്ദ പട് വർദ്ധന്റെ നാല് മ്യൂസിക് വീഡിയോകൾ പ്രദർശിപ്പിക്കും. റിബൽ വിത്ത് എ കോസ് എന്ന വിഭാഗത്തിലാണ് മ്യൂസിക് വീഡിയോകൾ പ്രദർശിപ്പിക്കുക. റിബൺസ് ഫോർ പീസ്, വി ആർ നോട്ട് യുവർ മങ്കീസ്, യു കാൻ ഡിസ്‌ട്രോയി ദ ബോഡി എന്നിവയാണ് മ്യൂസിക് വീഡിയോകൾ. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ന്യൂക്ലിയർ പരീക്ഷണങ്ങളുടെ അനന്തര ഫലമാണ് 'റിബൺ ഫോർ പീസ്' എന്ന മ്യൂസിക് വീഡിയോയുടെ പ്രമേയം.

രാമായണത്തിലെ ജാതിയും ലിംഗപരവുമായ അടിച്ചമർത്തലുകളും വിമർശനാത്മകമായി ചിത്രീകരിക്കുന്നതാണ് വി ആർ നോട്ട് യുവർ മങ്കീസ്. ഫാസിസ്റ്റുകളുടെ അക്രമത്തിനിരയായവർക്കുള്ള ശ്രദ്ധാഞ്ജലിയായാണ് യു കാൻ ഡിസ്‌ട്രോയ് ദി ബോഡിയുടെ അവതരണം.

## മേളയ്ക്ക് ഇന്ന് (24.07.2018) കൊടിയിറക്കം

അഞ്ചുനാൾ നീണ്ട അഭ്രകാഴ്ചയുടെ വസന്തമൊരുക്കിയ രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് സമാപനം. സമാപന സമ്മേളനത്തിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയാകും. സാംസ്‌കാരിക വകുപ്പ് മന്ത്രി എ.കെ ബാലൻ അധ്യക്ഷത വഹിക്കും.

മേയർ വി.കെ. പ്രശാന്ത്, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, വൈസ് ചെയർപേഴ്സൺ ബീനാപോൾ, സെക്രട്ടറി മഹേഷ് പഞ്ചു, സംവിധായകരായ റഊദ് അന്റോണി, മഹേഷ് നാരായണൻ തുടങ്ങിയവർ പങ്കെടുക്കും.

ലോങ് ഡോക്യുമെന്ററി, ഷോർട്ട് ഡോക്യൂമെന്ററി, ഷോർട്ട് ഫിക്ഷൻ, ക്യാമ്പസ് ഫിലിം എന്നീ വിഭാഗങ്ങളിലെ മത്സര വിജയികൾക്ക് ചടങ്ങിൽ പുരസ്‌കാരങ്ങൾ സമ്മാനിക്കും. 64 ചിത്രങ്ങളാണ് മത്സരവിഭാഗങ്ങളിൽ പ്രദർശിപ്പിച്ചത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പുരസ്‌കാര ജേതാക്കൾക്കുള്ള സമ്മാനത്തുക അക്കാദമി

നേരത്തെ ഇരട്ടിയാക്കിയിരുന്നു. 36 രാജ്യങ്ങളിൽ നിന്നുള്ള 206 ചിത്രങ്ങളുടെ പ്രദർശനത്തിനാണ് ഇന്ന് തിരശ്ശീല വീഴുന്നത്.

## ഹരീഷിനെതിരായ ഭീഷണിക്കെതിരെ നാടൊരുമിക്കണമെന്ന് കവിതാ ലങ്കേഷ്

രചനകളുടെ പേരിൽ കലാകാരന്മാർ മുൻപില്ലാത്തവിധം സെൻസറിംഗിനും അക്രമത്തിനും ഇരയാകുന്നതായി കവിതാ ലങ്കേഷ് . ഗൗരി ലങ്കേഷിനും പെരുമാൾ മുരുകനും കേരളത്തിൽ എസ്. ഹരീഷിനും നേരിടേണ്ടിവന്ന എതിർപ്പുകളേയും ഭീഷണികളേയും കൂട്ടായി ചെറുത്തുതോൽപ്പിക്കണമെന്നും അവർ പറഞ്ഞു.

കലാകാരന്മാരോടും എഴുത്തുകാരോടും സമാനതകളില്ലാത്ത വിധത്തിലാണ് ചിലർ അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്. ഗോവിന്ദ് പൻസാരെയ്ക്കും കൽബുർഗിയ്ക്കും സംഭവിച്ചത് നേരത്തേ തന്നെ വേദനിപ്പിച്ചിരുന്നു. പക്ഷെ സ്വന്തം സഹോദരിയ്ക്ക് അത്തരമൊരു ദുരന്തം സംഭവിച്ചപ്പോഴാണ് ഈ ഭ്രാന്തമായ അസഹിഷ്ണുതയുടെ ആഴം തിരിച്ചറിഞ്ഞത്. ചെറുത്തുനിൽപ്പുകൾ ഒറ്റപ്പെട്ടവയാകുന്നതിനാലാണ് ഇത് തുടരുന്നതെന്നും മേളയിൽ ഇൻ കോൺവെർസേഷൻ പരിപാടിയിൽ പങ്കെടുക്കവെ കവിത ലങ്കേഷ് പ്രതികരിച്ചു.